# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ - 3857　　24.06.2014-ൽ മറുപടിക്ക്**

**അസാധുവും കാലഹരണപ്പെട്ടതുമായ നിയമങ്ങൾ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി കെ.കെ ലതിക | ശ്രീ. എ. കെ. ബാലൻ<br>ബഹു. പട്ടികജാതി പട്ടികവർഗ്ഗ<br>പിന്നാക്കസമുദായക്ഷേമവും<br>നിയമവും സാംസ്ക്കാരികവും<br>പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി |

| | | |
|---|---|---|
| (എ) | നിയമസഭ പാസാക്കിയ ഏതൊക്കെ നിയമങ്ങളാണ് ഭാഗികമായോ പൂർണ്ണമായോ അസാധുവായി കോടതികൾ പ്രഖ്യാപിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ ; | 1. കേരള ഭൂപരിഷ്കരണ ആക്ട്,1963 (ഭാഗികം)<br>2. **The Kerala Restriction on Transfer by and Restoration of Lands to Scheduled Tribes Act, 1999.** (ഭാഗികം)<br>3. **The Kerala Agrarian Relations Act, 1960 (IV of 1961)** (പൂർണ്ണം)<br>4. **The Kerala Ryotwari Tenants and Kudikidappukars Protection Act, 1962** (പൂർണ്ണം)<br>5. **The Guruvayoor Devaswom (Amendment) Act,. 1971 (Act 12 of 1972)** (പൂർണ്ണം)<br>6. 2011- ലെ കേരള പൊതുപാതകൾ (സംഘം ചേരലിനും ജാഥകൾക്കും നിയന്ത്രണം ഏർപ്പെടുത്തൽ) ആക്റ്റിന്റെ 5 (1) (സി) വകുപ്പ് ബഹു. ഹൈക്കോടതി 2011-ലെ **W P ( C)No. 32429-Dejo Kappen Vs. State of Kerala 2012 (2) KLJ 421:2012 (2) KHC 85,** എന്ന കേസിലെ വിധിന്യായ പ്രകാരം അസാധുവായി പ്രഖ്യാപിച്ചിട്ടുള്ളതാണ്.<br>7. ഐസക്ക് നൈനാൻ അഭി സ്റ്റേറ്റ് ഓഫ് കേരള (1995 (2) **KLT** 848) എന്ന കേസിൽ കേരള സംസ്ഥാന നിയമസഭ പാസാക്കിയ 1965-ലെ കേരള കെട്ടിട (പാട്ടം-വാടക നിയന്ത്രണം) ആക്ടിലെ 5, 6, 8 വകുപ്പുകൾ ബഹു.കേരള ഹൈക്കോടതി ഭരണഘടനാ വിരുദ്ധമാണെന്ന് വിധിക്കുകയുണ്ടായി.<br>8. ധർമ്മോദയം കമ്പനി അഭി യൂണിയൻ ഓഫ് ഇൻഡ്യ **[2005 (3)KLT332]** എന്ന കേസിൽ, 2002-ലെ ധനകാര്യ ആക്റ്റ് മുഖേന പകരമായി ചേർത്തിട്ടുള്ള 1975- ലെ കേരള ചിട്ടീസ് ആക്റ്റിന്റെ (1975-ലെ 23) 4-ാം വകുപ്പ് (1) (എ) ഉപവകുപ്പ് ബഹു. കേരള ഹൈക്കോടതി ഭരണഘടനാ വിരുദ്ധമാണെന്ന് വിധിക്കുകയുണ്ടായി. പ്രസ്തുത ആക്റ്റ് പിന്നീട് കേന്ദ്ര നിയമമായ 1982-ലെ ചിട്ട് ഫണ്ട്സ് ആക്റ്റിന്റെ 90-ാം വകുപ്പ് പ്രകാരം റദ്ദ് ചെയ്യപ്പെട്ടിട്ടുള്ളതാണ്.<br>9. ഗജാനന ഏജൻസീസ് അഭി സ്റ്റേറ്റ് ഓഫ് കേരള **[2002 (3)KLT 242]** എന്ന കേസിൽ, ബഹു. കേരള ഹൈക്കോടതി കേരള സംസ്ഥാന |

നിയമസഭ പാസാക്കിയ 1963-ലെ കേരള പൊതുവിൽപ്പന നികുതി ആക്റ്റിന്റെ (1963-ലെ 15) 30 സി വകുപ്പ് ഭരണഘടനാവിരുദ്ധമാണെന്ന് വിധിക്കുകയുണ്ടായി.

10. ത്രേസിയാമ്മ എൽ. ചിറയിൽ അഭി സ്റ്റേറ്റ് ഓഫ് കേരള എന്ന കേസിൽ **[2007 (1)KLT 303]1994** -ലെ **Kerala Tax on Entry of Goods into Local Areas Act-** -ലെ 3-ാം വകുപ്പ് പ്രകാരം **entry tax** ആവശ്യപ്പെടുന്നതും വസൂലാക്കുന്നതും ഭരണഘടനാ വിരുദ്ധമാണെന്ന് കോടതി വിധിക്കുകയുണ്ടായി.

11. **State of Tamil Nadu Vs. State of Kerala and Anr. (OS 3 of 2006)** എന്ന കേസിന്റെ 7.5.2014-ാം തീയതിയിലെ വിധിന്യായ പ്രകാരം 2006-ലെ ജലസേചനവും ജലസംരക്ഷണവും (ഭേദഗതി) ആക്റ്റ്, മുല്ലപെരിയാർ ഡാമിന് ബാധകമായിട്ടുള്ള വ്യവസ്ഥകൾ ഭരണഘടനാവിരുദ്ധമാണെന്ന് ബഹു.സുപ്രീംകോടതി പ്രഖ്യാപിക്കുകയുണ്ടായി.

12. ലില്ലി കുര്യൻ അഭി യൂണിവേഴ്സിറ്റി അപ്പലേറ്റ് ട്രൈബൂണൽ **[1997 (1)KLT 722 (SC)]** എന്ന കേസിൽ കേരള സംസ്ഥാന നിയമസഭ പാസാക്കിയ 1974-ലെ കേരള സർവ്വകലാശാല ആക്റ്റിന്റെ (1974-ലെ 17) 60-ാം വകുപ്പിന്റെ (7)-ാം ഉപവകുപ്പും, 67-ാം വകുപ്പും ബഹു. സുപ്രീംകോടതി ഭരണഘടനാ വിരുദ്ധമാണെന്ന് വിധിക്കുകയുണ്ടായി.

13. 2006- ലെ കേരള പ്രൊഫഷണൽ കോളേജുകളും അല്ലെങ്കിൽ സ്ഥാപനങ്ങളും (ക്യാപ്പിറ്റേഷൻ ഫീസ് നിരോധിക്കലും പ്രവേശനം നിയന്ത്രിക്കലും, ചൂഷണരഹിത ഫീസ് നിശ്ചയിക്കലും, പ്രൊഫഷണൽ വിദ്യാഭ്യാസത്തിൽ നീതിയും മികവും ഉറപ്പുവരുത്തുന്നതിനുള്ള മറ്റു നടപടികളും) ആക്റ്റിലെ (2006-ലെ 19) 3, 7, 8(ബി), 8 (സി), 10 എന്നീ വകുപ്പുകളും ഭരണഘടനാ വിരുദ്ധമാണെന്ന് ബഹു. കേരള ഹൈക്കോടതി, ലിസി മെഡിക്കൽ ആന്റ് എഡ്യൂക്കേഷണൽ സ്ഥാപനങ്ങൾ അഭി സ്റ്റേറ്റ് ഓഫ് കേരള **[2007 (1)KLT 409]** എന്ന കേസിൽ വിധിക്കുകയും പ്രസ്തുത വകുപ്പുകൾ റദ്ദാക്കുകയും ചെയ്തു.

| | | |
|---|---|---|
| (ബി) | പ്രസ്തുത നിയമങ്ങൾ സാധുവാക്കുന്നതിനോ പകരം നിയമങ്ങൾ പാസാക്കുന്നതിനോ ഏതെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ; | ആക്റ്റുകൾ റദ്ദാക്കണോ നിലനിർത്തണോ എന്നതു സംബന്ധിച്ച് അന്തിമ തീരുമാനം കൈക്കൊള്ളേണ്ടത് ബന്ധപ്പെട്ട ഭരണ വകുപ്പുകളാണ് |
| (സി) | കാലഹരണപ്പെട്ട നിയമങ്ങൾ റിപ്പീൽ ചെയ്യുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ ? | 1. ജസ്റ്റിസ് വി.ആർ കൃഷ്ണയ്യർ ചെയർമാനായി രൂപീകരിച്ച നിയമപരിഷ്ക്കരണ സമിതി കാലഹരണപ്പെട്ട 41 പ്രധാന ആക്റ്റുകളും 66 ഭേദഗതി ആക്റ്റുകളും റദ്ദാക്കുവാൻ ശിപാർശ ചെയ്ത് സർക്കാരിന് റിപ്പോർട്ട് സമർപ്പിച്ചിരുന്നു. പ്രസ്തുത നിയമങ്ങൾ നിയമവകുപ്പ് പരിശോധിക്കുകയും അതിന്മേലുള്ള ഈ വകുപ്പിന്റെ വ്യക്തമായ അഭിപ്രായം ബന്ധപ്പെട്ട ഭരണവകുപ്പുകളെ അറിയിക്കുകയും ചെയ്തിട്ടുണ്ട്. ഈ ആക്റ്റുകൾ റദ്ദാക്കണോ നിലനിർത്തണോ എന്നതു സംബന്ധിച്ച് അന്തിമ തീരുമാനം കൈക്കൊള്ളേണ്ടത് ബന്ധപ്പെട്ട ഭരണ വകുപ്പുകളാണ്<br>2. 2005 ലെ കേരള വിനോദ സഞ്ചാര മേഖലകളുടെ സംരക്ഷണവും പരിപാലനവും ആക്ട് റദ്ദ് ചെയ്യുന്നതിനുള്ള നടപടികൾ വിനോദ സഞ്ചാര വകുപ്പ് സ്വീകരിച്ചുവരുന്നു.<br>3. കേരള ഇൻഡസ്ട്രിയൽ എസ്റ്റാബ്ലിഷ്മെന്റ് (നാഷണൽ& ഫെസ്റ്റിവൽ ഹോളിഡേയ്സ്) ആക്ട് 1958, കൂടുതൽ കാര്യക്ഷമമായി നടപ്പാക്കുന്നതിലേയ്ക്കായി ഭേദഗതി ചെയ്യുന്നതിനും, സംസ്ഥാനത്തെ തൊഴിൽ മേഖലകളിലും നിയമം മൂലം യാതൊരു വേതന നിരക്കും നിശ്ചയിക്കപ്പെട്ടിട്ടില്ലാത്ത സർവ്വവിധ തൊഴിലാളികൾക്കും ജീവനക്കാർക്കും അടിസ്ഥാന നിരക്കിൽ കേവലവേതനം അവകാശമാക്കുന്നതിനും അനുബന്ധ കാര്യങ്ങൾ വ്യവസ്ഥ ചെയ്യുന്നതിനുമായി ഒരു ബില്ലും, 1936-ലെ പെയ്മെന്റ് ഓഫ് വേജസ് ആക്ട്, ഭേദഗതി ചെയ്യുന്നതിനുമുള്ള നടപടി തൊഴിലും നൈപുണ്യവും വകുപ്പ് സ്വീകരിച്ചു വരുന്നു.<br>4. സംസ്ഥാനത്ത് ഇപ്പോൾ നിലവിലുള്ള 1945 ലെ മദ്രാസ് പ്രിവൻഷൻ ഓഫ് ബെഗ്ഗിംഗ് ആക്ട്, 1120 ലെ പ്രിവൻഷൻ ഓഫ് ബെഗ്ഗിംഗ് ആക്ട്, 1120-ലെ കൊച്ചി വാഗ്രൻസി ആക്ട് എന്നിവയ്ക്ക് പകരമായി യാചകവൃത്തി പൂർണ്ണമായും നിരോധിക്കുന്നതിനായി ഒരു പുതിയ നിയമനിർമ്മാണം നടത്തുന്നതിനുള്ള നടപടികൾ സാമൂഹ്യനീതി വകുപ്പ് സ്വീകരിച്ചുവരുന്നു.<br>5. 1897-ലെ ഇൻഡ്യൻ ഫിഷറീസ് ആക്ടിലെ (1897 ലെ 4-ാം കേന്ദ്ര ആക്ട്)മലബാർ പ്രദേശത്ത് നിലവിലുണ്ടായിരുന്ന പ്രസ്തുത ആക്ടിന്റെ വ്യവസ്ഥകളും 1950 ലെ തിരുവിതാംകൂർ-കൊച്ചി ഫിഷറീസ് ആക്ടും (1950 ലെ34) റദ്ദാക്കി കൊണ്ട് പകരം 2010-ലെ കേരള ഉൾനാടൻ ഫിഷറീസ് അക്വാകൾച്ചർ ആക്ട് പാസാക്കിയിട്ടുണ്ട്. |

P.PRADEEP KUMAR
Section Officer
Law Department
Govt. Secretariat